"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പുനലൂർ താലൂക്ക് സമാജം കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂൾസ് മാനേജർ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4183/2025/GEDN തീയതി,തിരുവനന്തപുരം, 25-06-2025

---

പരാമർശം:-

1. പുനലൂർ താലൂക്ക് സമാജം കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂൾസ് മാനേജർ അശോക് ബി വിക്രമൻ സമർപ്പിച്ച 20.06.2024-ലെ അപ്പീൽ ഹർജി.
2. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 14.10.2024 ലെ DDEKLM/3055/2024-B6 നമ്പർ കത്ത്.
3. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15.10.2024-ലെ DEOPLR/1081/2024-B2 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.11.2024-ലെ ഇ.ടി5/14354/2024/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പുനലൂർ താലൂക്ക് സമാജം കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂൾസ് മാനേജർ അശോക് ബി വിക്രമൻ സമർപ്പിച്ച പരാമർശം (1) അപ്പീൽ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരന്റെ പ്രതിനിധിയെയും മറ്റ് ബന്ധപ്പെട്ട കക്ഷികളെയും 14.11.2024 ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ മാനേജർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

i) ശ്രീമതി രമ്യ ആർ.ന് എം.എ., ബി.എഡ്., സെറ്റ്, പി.എച്ച്.ഡി. എന്നീ പരീക്ഷായോഗ്യതയുള്ളതിനു പുറമേ ഹിന്ദി സാഹിത്യത്തിൽ കേരള സർവകലാശാലയിൽ നിന്നും ഡോക്ടറേറ്റും നേടിയിട്ടുള്ള ഒരു പ്രതിഭയാണ്. കരമന എൻ.എസ്.എസ്.എസ്. കോളജിൽ 2 വർഷവും അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ 5 വർഷവും ഗസ്റ്റ് ലക്ച്ചർ ആയി സേവനം ചെയ്ത ശേഷം കരുനാഗപ്പള്ളി ജി.എച്ച്.എസ്.ൽ എച്ച്.എസ്.റ്റി. (ഹിന്ദി) അധ്യാപികയായി 28.07.2021-ൽ ജോലിയിൽ പ്രവേശിക്കുകയും നിയമനാംഗീകാരത്തോടുകൂടി തുടർന്നു വരവേ 2023-24-ലെ തസ്തിക നിർണ്ണയത്തിൽ കുറവ് വന്നതിനാൽ 15.07.2023-ൽ പുറത്തു പോകേണ്ടി വന്നു. എന്റെ മാനേജ്മെന്റിൽപ്പെട്ട ഗേൾസ് എച്ച്.എസ്.-ലെ എൽ.ജി. ഹിന്ദി അധ്യാപികയായ

ശ്രീമതി.അനിത ഉമ്മനെ 01.06.2023-ൽ എച്ച്.എസ്.റ്റി. (ഹിന്ദി) ആയി ബോയ്സ് എച്ച്.എസ്.എസ്.-ൽ പ്രമോഷൻ നൽകി നിയമിച്ചു. തന്മൂലം ഉണ്ടായ ഒഴിവിൽ ശ്രീമതി രമ്യ ആർ-ന് എൽ.ജി. ഹിന്ദി ആയി 16.10.2023-ൽ നിയമിച്ചിട്ടുള്ളതാണ്. ശ്രീമതി രമ്യ ആർ.-ന്റെ നിയമനാംഗീകാര പ്രപ്പോസൽ 30.11.2023-ൽ പുനലൂർ ഡി.ഇ.ഒ. നം. ബി2/55255/2023 ഉത്തരവു പ്രകാരം നിരസിച്ചതിന് ചൂണ്ടികാണിച്ചിട്ടുള്ള തടസവാദം "നിയമനം നടന്ന വർഷമായ 2023 ജനുവരി 01-ന് 40 വയസ്സ് കഴിഞ്ഞ് 9 മാസവും 16 ദിവസവും ആയതിനാൽ ടിയാൾ നിയമനം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി ആയ 40 വയസ് കഴിഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ കേരള വിദ്യാഭ്യാസ നിയമനം അദ്ധ്യായം 14 എ ചട്ടം 8 (3) പ്രകാരം ഈ നിയമനം നിരസിച്ച് ഉത്തരവാകുന്നു. ശ്രീമതി രമ്യ ആർ.-ന്റെ നിയമന പ്രപ്പോസൽ നിരസിച്ചതിനെതിരെ മാനേജർ കൊല്ലം ഡി.ഡി.ഇ.യ്ക്ക് സമർപ്പിച്ച അപ്പീൽ 23.01.2024-ലെ നം. ബി6/221036/2023 ഉത്തരവു പ്രകാരം നിരസിച്ചതിൽ പറഞ്ഞിരിക്കുന്നത് "ടിയാൾ ഈ തസ്ത്ികയിൽ 51A അവകാശിയാണെങ്കിലും ടിയാളുടെ നിയമനം മറ്റൊരു മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളിൽ ആയതിനാൽ ടി അവകാശം ഈ മാനേജ്മെന്റിലെ നിയമനത്തിന് പരിഗണിക്കുവാൻ കഴിയില്ല. കൂടാതെ ടിയാളുടെ പ്രായപരിധിയിൽ ഇളവ് ലഭിക്കുന്ന സർക്കാർ ഉത്തരവുകൾ ഒന്നും നിലവിൽ ഇല്ലാത്തതിനാൽ അപ്പീൽ ഹർജി നിരസിക്കുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ പെറ്റീഷൻ 05.06.2024-ൽ ഇ.റ്റി.5/704967/2024 ഉത്തരവിൽ നിരസിച്ചതിന് പറഞ്ഞിരിക്കുന്നത്. ടിയാൾ ഈ തസ്തികയിൽ 51A അവകാശിയാണെങ്കിലും ടിയാളുടെ നിയമനം മറ്റൊരു മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളിൽ ആയതിനാൽ ടി അവകാശം ഈ മാനേജ്മെന്റിലെ നിയമനത്തിന് പരിഗണിക്കുവാൻ കഴിയുകയില്ല. കുടാതെ ടിയാളുടെ പ്രായ പരിധിയിൽ ഇളവു ലഭിക്കുന്ന സർക്കാർ ഉത്തരവുകൾ ഒന്നും നിലവിൽ ഇല്ല."

ii) ശ്രീമതി രമ്യ ആർ.ന്റെ നിയമനാംഗീകാരം നിരസിച്ചുകൊണ്ട് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ ചൂണ്ടികാണിച്ചിട്ടുള്ളത് മൂന്നു കാര്യങ്ങളാണ്.

- ടിയാൾ 51A അവകാശിയാണ്.
- ടിയാളുടെ നിയമനം മറ്റൊരു മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളിലാകയാൽ 51A അവകാശം പരിഗണിക്കുവാൻ കഴിയുകയില്ല.
- ടിയാളുടെ പ്രായപരിധിയിൽ ഇളവു ലഭിക്കുന്ന സർക്കാർ ഉത്തരവുകൾ ഒന്നും നിലവിലില്ല.

ശ്രീമതി രമ്യ ആർ. 51A അവകാശിയാണെന്ന് കണ്ടെത്തുകയും അതേ സമയം 51A തെറ്റായി വ്യാഖ്യാനിച്ച് രണ്ടു കാരണങ്ങൾ ചൂണ്ടികാണിച്ച് നിരസിച്ചതിനാൽ റൂൾ 51A യുടെ വ്യാപ്തിയും അധ്യാപകന് ലഭിക്കുന്ന അവകാശങ്ങളും മാനേജരുടെ ബാധ്യതയും പരിശോധിക്കേണ്ടതായിട്ടുണ്ട്. ശ്രീമതി രമ്യ ആർ.-നെ 28.7.2021-ൽ കരുനാഗപ്പള്ളി എച്ച്.എസ്.-ൽ, എച്ച്.എസ്.റ്റി. (ഹിന്ദി) ആയി നിയമിക്കുമ്പോൾ അദ്ധ്യായം XXXI-ലെ റൂൾ 1, 2 (iv) എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യതകൾ ഉണ്ടെന്ന് പരിശോധനയിൽ കണ്ടെത്തിയതിനു ശേഷമാണ് നിയമനത്തിന് കൊല്ലം ഡി.ഇ.ഒ. അംഗീകാരം നൽകിയത്. അതിനാൽ ശ്രീമതി രമ്യ ആർ., Qualified Teacher" ആണ്. 2023-24-ലെ ഫിക്സേഷനിൽ എച്ച്.എസ്.റ്റി. (ഹിന്ദി) തസ്തികയിൽ കുറവു വന്നതു മൂലമാണ് ശ്രീമതി രമ്യ ആർ.നെ "relieve" ചെയ്തിട്ടുള്ളത്.. അല്ലാതെ

പിരിച്ചു വിടലല്ല. പഠിപ്പിക്കുവാൻ ലൈസൻസ് കിട്ടിയ അധ്യപികയാണ്. എന്നാൽ പഠിപ്പിക്കുന്നതിന് സ്കൂളിൽ അനുവദനീയമായിട്ടുള്ള തസ്തിക ലഭ്യമല്ലാത്തതിനാൽ തൽക്കാലത്തേക്ക് മാറ്റി നിർത്തുന്നുവെന്നുമാത്രം. ലോവർ കാറ്റഗറിയിൽ 43 ക്ലയിംകാർ ഇല്ലെങ്കിൽ 51A അവകാശികൾക്ക് Re-appointment നടത്താമെന്നതാണ്. മാനേജർ ശ്രീമതി രമ്യ ആർ-നെ എൽ.ജി. (ഹിന്ദി) അധ്യാപികയായി നിയമിച്ചപ്പോൾ 43, 51A, 52B അവകാശികൾ ആരും തന്നെ ഇല്ലായെന്ന് മാനേജർ സത്യപ്രസ്താവന നിയമന പ്രപ്പോസലിനൊടോപ്പം ഹാജരാക്കിയിട്ടുണ്ട്. തന്നെയുമല്ല അങ്ങനെ അവകാശമുള്ള ആരും തന്നെ മാനേജരെയോ, ഡിപ്പാർട്ടുമെന്റ് അധികാരി സമക്ഷമോ നാളഉവരെ പരാതിപ്പെടാത്തതിനാൽ 43, 51A, 51B അവകാശികൾ ആരും തന്നെയില്ല. ഡി.ഇ.ഒ., ഡി.ഡി.ഇ., ഡയറക്ടർ എന്നിവരുടെ ഉത്തരവുകളിൽ അങ്ങനെയൊരു തടസ്സവാദം ഉന്നയിച്ചിട്ടില്ല.

iii) 51A യിൽ പ്രവിഷ്യോ ആയി പറയുന്നത് 51A അവകാശിയെ മറ്റേതൊരു മാനേജ്മെന്റിലും സ്ഥിരം ഒഴിവിൽ നിയമിക്കാമെന്നാണ്. അങ്ങനെ നിയമനം കിട്ടികഴിഞ്ഞാൽ മാതൃ സ്കൂളിൽ പിൽക്കാലത്ത് ഉണ്ടാകുന്ന ഒഴിവിൽ ടി അദ്ധ്യാപികയെ നിയമിക്കുവാനുള്ള ബാധ്യതയിൽ നിന്നു മാനേജർ ഒഴിവാകുന്നു എന്നു മാത്രം. ബഹു. സുപ്രീം കോടതി വിധി 2013 (1) K.H.C. 660 ആയി റിപ്പോർട്ടു ചെയ്തിട്ടുള്ളതിൽ ക്രമ നമ്പർ 17-ൽ തസ്തിക നഷ്ടപ്പെട്ട് തൊഴിലിടം ഇല്ലാതാകുന്ന അധ്യാപകർക്കാണ് 51A claim വന്നു ചേരുന്നത്. അല്ലാതെ മാനേജർക്കല്ല. അതിനാലാണ് സുപ്രീം കോടതി "re-appointment in the same management." എന്ന് വ്യാഖ്യാനിക്കാതെ re-appointment in future vacancies in aided schools എന്ന് വ്യാപകമായ അർത്ഥത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളത്. Re-appointment in the same school 51A യിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തന്റേതല്ലാത്ത കാരണത്താൽ തസ്തിക നഷ്ടപ്പെട്ട അധ്യാപകരെ സംരക്ഷിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് നിയമ നിർമ്മാതാക്കൾ They have not been appointed in permanent vacancies under any other Educational Agency എന്ന് എഴുതി ചേർത്തിട്ടുള്ളത്. അധ്യാപകരുടേതല്ലാത്ത കാരണത്താൽ തസ്തിക നഷ്ടപ്പെട്ട് താൽക്കാലികമായി പുറത്തു പോകേണ്ടി വരുന്നതു മൂലം 51A അവകാശം ലഭിക്കുന്നതുവരെ സംരക്ഷക്കുന്നതിന് സർക്കാർ നിയമം മൂലവും ഉത്തരവുകൾ മൂലവും സഹായകരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ശ്രീമതി രമ്യ ആർ-ന് എച്ച്.എസ്.ടി. (ഹിന്ദി) അധ്യാപികയായിരുന്നപ്പോൾ തസ്തിക നഷ്ടപ്പെട്ട് 51A അവകാശിയായതെങ്കിലും ടിയാളിന് എൽ.ജി. (ഹിന്ദി) ആയി നിയമിക്കുന്നതിന് മതിയായ യോഗ്യതയുള്ളതിനാലും 17-06-2005-ലെ 51A-യിലെ ഭേദഗതി ഉത്തരവും ബഹു. ഹൈക്കോടതി ഉത്തരവിന്റെ ബലത്തിലുമാണ് മാനേജർ എൽ.ജി. (ഹിന്ദി) ആയി നിയമിച്ചിട്ടുള്ളത്. ടിയാളിന്റെ യോഗ്യതയെ കുറിച്ച് ഡിപ്പാർട്ടുമെന്റ് തടസ്സം ഉന്നയിച്ചിട്ടുമില്ല.

iv) 10-06-2008-ലെ G.O (P) No. 104/2008/G.Edn. ഉത്തരവിലെ 5 (i)-ൽ "The period of appointment does not cover one academic year, the appointment shall be made only on daily wages. (iii) ൽ In the case of appointment of Rule 51A claimants, promotion of Rule 43 claimants approval will be granted on regular basis if the period of appointment is more than 2 months." ഇതിൽ നിന്നും 51A claimants-ന്റെ നിയമനം Fresh appointment അല്ല Re-appointment ആണെന്ന് വ്യക്തമാണ്. 25-07-2012-ലെ G.O (P) No. 244/12/G.Edn. ഉത്തരവിൽ The teachers who are appointed against regular vacancies on or before 31-03-

2012 are exempted from acquiring K-TET., claimants under Rule 51(A) and 51B chapter XIV A, K.E.R. as on the date of this G.O. are exempted from acquiring K-TET. ഇതിൽ നിന്നും 51A claimants-നെ, തസ്തിക നഷ്ടപ്പെട്ടതിനാൽ, മാറ്റി നിർത്തപ്പെട്ടവരെ, അധ്യാപകരായിട്ടാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാണ്. അധികമായി അനുവദിക്കുന്ന തസ്തികകളിൽ 1:1 ക്രമത്തിൽ ആദ്യത്തെ തസ്തിക സംരക്ഷണാധ്യാപകരെ നിയമിക്കണമെന്ന XXI-ലെ റൂൾ 7-ലെ വ്യവസ്ഥ 03.12.2016-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം ഭേദഗതി വരുത്തി സംരക്ഷിതാധ്യാപകനെ നിയമിക്കേണ്ട ആദ്യ തസ്തിക 51A ക്കാരെ നിയമിയ്ക്കാമെന്ന് വ്യവസ്ഥ ചെയ്ത് കൂടുതൽ സംരക്ഷണം ഉറപ്പ വരുത്തുകയാണ് സർക്കാർ ചെയ്തത്. 24-04-2018- നം. 1032856/റ്റി-1/2016/പൊ.വി.വ സർക്കുലറിൽ "എയിഡഡ് സ്കൂളുകളിൽ എൽ.പി., യു.പി., ഹൈസ്കൂൾ അധ്യാപക നിയമനങ്ങളിൽ അധ്യായം 14 എ റൂൾ 51 പ്രകാരമുള്ള അവകാശം (അധ്യാപകർക്ക് അവകാശം ലഭിക്കുന്നത് “51A” ആണ്. റൂൾ 51 എന്നത് Typing mistake ആണെന്നു കരുതുന്നു). സിദ്ധിച്ച അധ്യാപകർക്ക് പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് സ്കൂളുകളിൽ പിന്നീടുണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിന് അധ്യാപക നിയമനത്തിനു നിശ്ചയിച്ചിട്ടുള്ളത് ഉയർന്ന പ്രായപരിധി ബാധകമല്ല” എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

V) ഈ മാനേജ്മെന്റിലെ യു.പി. വിഭാഗത്തിലെ ബാക്ക് ലോഗ് പ്രകാരം ഭിന്നശേഷിക്കാരെ നിയമിക്കേണ്ടത് 2 തസ്തികകളാണ്. അതിനു വേണ്ടി 2 തസ്തികകൾ ഒഴിച്ചിട്ടുകൊണ്ടു 05-09-2023-ൽ എംപ്ലോയിമെന്റ് ഓഫീസിൽ റിക്വിസിഷൻ അപേക്ഷ കൊടുക്കുകയും അവിടെ നിന്നും 2 പ്രാവശ്യം ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് അയച്ചുതരികയും ചെയ്തു. ലിസ്റ്റിൽപെട്ടവർ ഇന്റർവ്യൂവിന് ഹാജരാകുവാൻ അറിയിപ്പ് കൊടുത്തുവെങ്കിലും ആരും തന്നെ ഹാജരായില്ല. റിപ്പോർട്ടു ചെയ്തതിന്റെ അടിസ്ഥാനത്തിൽ മൂന്നാമതൊരു ലിസ്റ്റ് അയച്ചു തന്ന് അതിൽ ഒരാൾ മാത്രം ഹാജരാകുകയും ടിയാൾക്ക് നിയമന ഉത്തരവ് കൊടുത്തു കഴിഞ്ഞു. രണ്ടാമത്തെ തസ്തികയിലേക്ക് നിയമിക്കുന്നതിനു വേണ്ടി തുടർ നടപടികൾ മാനേജർ ചെയ്തുവരുന്നു. നിയമനം നടത്തുന്നതിന് യാതൊരു തടസ്സവും മാനേജരുടെ ഭാഗത്തു നിന്നും ഇല്ല. ഉദ്യോഗാർത്ഥികളെ കിട്ടാത്ത താമസം മാത്രമാണ്. ആയതിനാൽ ശ്രീമതി രമ്യ ആർ. ന്റെ എൽ.ജി. (ഹിന്ദി) യായിട്ടുള്ള നിയമനാംഗീകാരത്തിന് ഭിന്നശേഷി നിയമനം തടസ്സമല്ല.

മേൽ പറഞ്ഞവയുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം കാര്യങ്ങൾ വ്യക്തമാക്കുന്നു:-

1. ശ്രീമതി രമ്യ ആർ-ന് 51A അവകാശമുണ്ട്.
2. 51A അവകാശിയെ ഏതൊരു എയിഡഡ് സ്കൂളിലും നിയമിക്കാം.
3. 51A അവകാശിയെ Same/higher/Lower കാറ്റഗറിയിൽ നിയമിക്കാം.
4. 51A അവകാശിയുടെ Re-appoint-ന് ഉയർന്ന പ്രായപരിധി ബാധകമല്ല.

ഇവയുടെ അടിസ്ഥാനത്തിൽ ശ്രീമതി രമ്യ ആർ.ന്റെ 10-10-2023 മുതലുള്ള എൽ.ജി. (ഹിന്ദി) അധ്യാപികയായിട്ടുള്ള നിയമനത്തിന് അംഗീകാരം കിട്ടുന്നതിനാവശ്യമായ ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു.

3) <u>നേരിൽ കേട്ട വേളയിൽ ശ്രീമതി. രമ്യ .ആർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

i) 28.07.2021 ൽ ഞാൻ കരുനാഗപ്പള്ളി ജി.എച്ച്.എസ്.റ്റി.യിൽ ഹിന്ദി അദ്ധ്യാപികയായി ജോലിയിൽ പ്രവേശിക്കുകയും നിയമന അംഗീകാരത്തോടുകൂടി തുടർന്നുവരികയും, 2023-24 വർഷത്തിലെ തസ്തിക നിർണ്ണയിത്തിൽ കുറവു വന്നതിനാൽ എനിക്ക് 15.07.2023 ൽ പുറത്ത് പോകേണ്ടിയും വന്നു. എന്റെ സേവന ബുക്ക് പരിശോധിച്ചാൽ ഞാൻ 1997 ൽ എസ്.എസ്.എൽ.സി.യും 2002 ൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എ. ഹിന്ദിയും 2004 ൽ എം.എ. ഹിന്ദിയും 2020-ൽ പി.എച്ച്.ടി. യോഗ്യതയും നേടിയതായി ടി സേവന ബുക്കിൽ നിന്നും വെളിവാകും. ഇത് കൂടാതെ ഞാൻ 2005 ൽ M.G. University യിൽ നിന്നും B.Ed. ഉം State Eligibility Test ഉം പാസ്സായിട്ടുള്ളതാണെന്നും വെളിവാകുന്നതാണ്. ഇതിനു പുറമെ കരമന N.S.S. കോളേജിൽ 2 വർഷവും അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ എനിക്ക് 5 വർഷവും പ്രവൃത്തി പരിചയം ഉണ്ട്. തുടർന്ന് പുനലൂർ താലൂക്ക് സമാജം സ്കൂളിൽ 16.10.2023 -ാം തീയതി മുതൽ ഞാൻ എൽ.ജി. ഹിന്ദി അദ്ധ്യാപികയായി നിയമന ഉത്തരവ് മാനേജരിൽ നിന്നും കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരികയാണ്. എനിക്ക് നിയമനം നൽകിയ ഒഴിവിൽ താലൂക്ക് സമാജം സ്കൂളിലെ KER 51 (A) പ്രകാരം ഒരു മുൻ അദ്ധ്യാപകരും അപേക്ഷിച്ചിട്ടില്ല തുടർന്ന് എന്റെ നിയമനം അംഗീകരിക്കുന്നതിനു വേണ്ടി മാനേജർ നൽകിയ പ്രോപ്പോസൽ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 30.11.2023 ൽ നിരസിക്കുകയുണ്ടായി. എന്റെ നിയമന പ്രൊപ്പോസൽ നിരസി ക്കാനുള്ള കാരണമായി രേഖപ്പെടുത്തിയിരിക്കുന്നത് നിയമനം നടന്ന വർഷമായ 01.01.2023 ൽ എനിക്ക് 40 വയസ്സ് കഴിഞ്ഞ് 9 മാസവും 16 ദിവസവുമായതിനാലാണ് പുനലൂർ ജില്ലാ ഓഫീസർ എന്റെ നിയമന ഉത്തരവ് പ്രൊപ്പോസൽ തള്ളി ഉത്തരവായത്. ഇതിനെതിരെ സ്കൂൾ മാനേജർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും എന്നാൽ ടി അപ്പീൽ 23.01.2024-തീയതി നിരസിക്കുകയുമാണ് ചെയ്തത്. അപ്പീൽ നിരസിച്ചുവെങ്കിലും ഞാൻ KER 51 (A) പ്രകാരം സ്കൂളിൽ വന്ന ഒഴിവിൽ അവകാശിയാണെന്ന് കണ്ടെത്തുകയും എന്നാൽ മറ്റൊരു മാനേജ്മെന്റിന്റെ കീഴിൽ ജോലി ചെയ്തു വരുകയായിരുന്നപ്പോഴാണ് തൊഴിൽ നഷ്ടമായതെന്നും, ആയതിനാൽ നിലവിലെ സ്കൂൾ മാനേജ്മെന്റിന്റെ കീഴിൽ KER 51 (A) പ്രകാരം പരിഗണിക്കാൻ സാധിക്കുകയില്ലായെന്ന് കണ്ടെത്തുകയും ചെയ്തു. കൂടാതെ എന്റെ പ്രായപരിധിയ്ക്ക് ഇളവ് നൽകാൻ സാധിക്കുന്ന ഒരു സർക്കാർ ഉത്തരവും നിലവിൽ ഇല്ലായെന്നും കൊല്ലം ഉപവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഇതിനെതിരെ മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും മേൽപ്പറഞ്ഞ അതേ കാരണങ്ങൾ പറഞ്ഞ് പൊതു വിദ്യാഭ്യാസ ഡയറക്ടർ അപ്പീൽ നിരസിക്കുകയാണ് ചെയ്തത്.

ii) ഞാൻ KER 51 (A) അവകാശിയാണെന്ന് കൊല്ലം ഉപവിദ്യാഭ്യാസ ഡയറക്ടറും, പൊതുവിദ്യാഭ്യാസ ഡയറക്ടറും കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ തന്നെ KER 51 (A) പ്രകാരം എനിക്ക് ലഭിക്കേണ്ട അവകാശങ്ങൾ നിരസിക്കാൻ ആർക്കും തന്നെ അവകാശമില്ല. KER 51 (A) തെറ്റായി വ്യാഖ്യാനിച്ചാണ് രണ്ടും മൂന്നും അപ്പീൽ അധികാരികൾ എന്റെ നിയമന ശുപാർശ നിരസിച്ചത്. ഡിവിഷൻ ഫാൾ കാരണം ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകരെ സംരക്ഷിക്കണമെന്ന മഹത്തായ ലക്ഷ്യത്തോടെയാണ് KER 51 (A) നിർമ്മിക്കപ്പെട്ടിരിക്കുന്നത്. KER 51 (A) ഒരു "Beneficial Legislation" ആണ്. അത് വ്യാഖ്യാനിക്കുമ്പോൾ Beneficiary യ്ക്ക് അനുകൂലമായിട്ടായിരിക്കണം വ്യാഖ്യാനിക്കപ്പെടേണ്ടത്. ഞാൻ KER 51 (A) യുടെ അവകാശിയാണെന്നുള്ള കാര്യത്തിൽ തർക്കമില്ലാത്ത സ്ഥിതിയ്ക്ക് KER 51 (A) പ്രകാരം എനിക്ക്

മാനേജർ നൽകിയ നിയമന ഉത്തരവ് ശരിയാണോ തെറ്റാണോ എന്ന് പരിശോധിക്കുമ്പോൾ പരിഗണിക്കേണ്ട യഥാർത്ഥ വിഷയങ്ങൾ പരിഗണിക്കാതെയും പരിഗണിക്കേണ്ടതല്ലാത്ത വിഷയങ്ങൾ പരിഗണിക്കുകയും ചെയ്താണ് രണ്ടും മൂന്നും അപ്പീൽ അധികാരികൾ പുനലൂർ താലൂക്ക് സമാജം സ്കൂളിൽ എനിക്ക് KER 51 (A) പ്രകാരം നൽകിയ നിയമന ഉത്തരവ് അംഗീകരിക്കാതിരുന്നത്. ഒരു മാനേജ്മെന്റിന്റെ കീഴിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് ജോലി നഷ്ടം വന്ന അദ്ധ്യപകനെയോ അദ്ധ്യാപികയേയോ സംരക്ഷിക്കുന്നതിനു കൂടി വേണ്ടിയാണ് ഈ നിയമം നിർമ്മിച്ചിട്ടുള്ളത്. KER 51 (A) പ്രകാരം ഒരു വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളിലോ ഏജൻസിയുടെ കീഴിൽ പുതുതായി ചേർക്കപ്പെട്ട സ്കൂളിലോ മാത്രമേ പുനർനിയമനം നൽകാവൂ എന്ന വ്യവസ്ഥ മാനേജ്മെന്റുകളുടെ താൽപര്യം കൂടെ സംരക്ഷിക്കണമെന്ന ഒരു ഉദ്ദേശവും ഈ നിയമത്തിനുണ്ട്. അതായത് മറ്റൊരു മാനേജ്മെന്റിന്റെ കീഴിൽ ജോലി ലഭിക്കുകയും ജോലി നഷ്ടപ്പെടുകയും ചെയ്ത അദ്ധ്യാപകരെ സംരക്ഷിക്കേണ്ട ബാദ്ധ്യത വേറെ ഒരു മാനേജ്മെന്റിന് വരാതിരിക്കുകയാണ് നിയമത്തിന്റെ ഒരു ഉദ്ദേശ ലക്ഷ്യം. ചുരുക്കത്തിൽ മാനേജ്മെന്റിന്റെ താൽപര്യവും തൊഴിൽ നഷ്ടം വന്ന അദ്ധ്യപകരുടെ താൽപര്യവും ഉദ്ദേശിച്ചാണ് ഈ നിയമം നിർമ്മിക്കപ്പെട്ടത്. താലൂക്ക് സമാജം സ്കൂൾ മാനേജ്മെന്റ് KER 51 (A) വിശാലമായി വ്യാഖ്യാനിക്കുകയും അവരുടെ സ്കൂളിൽ വന്ന വേക്കൻസിയിൽ KER 51 (A) പ്രകാരം ആരും തന്നെ ക്ലെയിം ഉന്നയിക്കാത്ത അവസ്ഥയിൽ മറ്റൊരു എജ്യൂക്കേഷൻ ഏജൻസിയിൽ ജോലി ചെയ്തു വന്ന എന്നെ ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. മാനേജ്മെന്റിന്റെ ഈ നടപടി KER 51 (A) യുടെ ഉദ്ദേശവും ലക്ഷ്യവും സാക്ഷാൽക്കരിക്കുന്നതാണ്. രണ്ടും മൂന്നും അപ്പീൽ അധികാരികളുടെ മറിച്ചുള്ള കണ്ടെത്തലുകൾ നിയമപരമായി നിലനിൽക്കത്തക്കതല്ല. നേരത്തെ സൂചിപ്പിച്ചതനുസരിച്ച് KER 51 (A) യുടെ ലക്ഷ്യവും ഉദ്ദേശവും നിറവേറ്റുക മാത്രമാണ് മാനേജ്മെന്റ് നടപടികളിലൂടെ വ്യക്തമാകുന്നത്. ഇതിനു പുറമെ എന്റെ പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ കൂടിയാണ് നിയമനം അംഗീകരിക്കാതിരുന്നത്. KER 51 (A) പ്രകാരം പ്രായപരിധി നിശ്ചയിച്ചിട്ടില്ല. പുതിയ നിയമനത്തിനു മാത്രമേ പ്രായപരിധിയുള്ളു. പുനർ നിയമനത്തിന് പ്രായപരിധിയില്ല. KER 51 (A) യുടെ അവകാശിയാണെന്ന് കണ്ടെത്തിയ സ്ഥിതിയ്ക്ക് എനിക്ക് പുനർ നിയമനത്തിന് പ്രായപരിധി ബാധകമല്ല.

iii) അദ്ധ്യാപകരുടെ തസ്തിക നഷ്പ്പെട്ട് പുറത്തു നിൽക്കുന്നവരെ സംരക്ഷിക്കുന്നതിനായി അവരെ സംരക്ഷിത അദ്ധ്യാപകരായി കണക്കാക്കി അദ്ധ്യാപക ബാങ്ക് രൂപീകരിച്ച് വിവിധ എയ്ഡഡ് സ്കൂളുകളിൽ നിർബന്ധമായി പുനർനിയമനം നൽകണമെന്ന് സർക്കാർ വ്യവസ്ഥയുള്ളപ്പോൾ സ്വമേധയാ ഇത്തരം അദ്ധ്യാപകരെ സംരക്ഷിക്കാൻ മുന്നോട്ടു വരുന്ന മാനേജ്മെന്റുകളെ പ്രോൽസാഹിപ്പിക്കുന്നതിനു പകരം സർക്കാർ ആയതിനു വിരുദ്ധമായി KER 51 (A) തെറ്റായി വ്യാഖ്യാനിച്ച് എന്റെ നിയമനം തടസ്സപ്പെടുത്തുന്നത് നിയമവിരുദ്ധവും യാതൊരു രീതിയിലും ന്യായീകരിക്കാൻ സാധിക്കാത്തതുമാണ്. 22.11.2017 ലെ സ.ഉ. (കൈ) നം.149/2017/പൊവിവ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നതും ആയത് Exhibit P6 ആയി അക്കമിടേണ്ടതാണ്. ദിവസവേതന അടിസ്ഥാനത്തിൽ ലീവ് വേക്കൻസി നിയമനം ലഭിച്ച ഒരു ഉദ്യോഗാർത്ഥിയെ അവരുടെ യോഗ്യതയും പ്രാഗത്ഭ്യവും കണക്കിലെടുത്ത് നിയമന സമയത്തെ ഉയർന്ന പ്രായപരിധിയിൽ വയസ്സിളവ് അനുവദിച്ച് സർക്കാർ G.O.(MS). No.27/22/GEDN പ്രകാരം 25.02.2022 ൽ ഉത്തരവ് നൽകിയ സാഹചര്യം നിലനിൽക്കെ ആ

ഉത്തരവിന്റെ ആനുകൂല്യം എനിക്കു നൽകാതെ ഇരിക്കുന്നതിലൂടെ തുല്യനീതി ഉറപ്പുവരുത്തുന്നതിൽ അപ്പീൽ അധികാരികൾ വീഴ്ച വരുത്തിയിരിക്കുകയാണ്. എന്റെ വിദ്യാഭ്യാസ യോഗ്യതയും മുൻപരിചയവും കണക്കിലെടുത്ത് മറ്റാരും തന്നെ അപേക്ഷകരായി ഇല്ലായെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും എനിക്ക് നിയമനം നൽകാൻ യാതൊരു തടസ്സവുമില്ല. ഇതിനു പുറമെ KER 51 (A) പ്രകാരമുള്ള നിയമനത്തിൽ ഉയർന്ന പ്രായപരിധി പരിഗണനാ വിഷയമേ അല്ല. സർക്കാർ സ്കൂളിൽ ഡിവിഷൻ ഫാളിലൂടെ ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകരെയും പുനർനിയമനം ലഭിക്കാത്തവരെയും താൽക്കാലികമായി സംരക്ഷിക്കുന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ് അത്തരം അദ്ധ്യാപകരെ താൽക്കാലികമായിട്ടെങ്കിലും സമഗ്ര ശിക്ഷാ കേരളം എന്ന പദ്ധതി (SSK) യുടെ കീഴിൽ BRC സ്ഥാപനങ്ങളിൽ നിയമനം നൽകുന്നത് പതിവാണ്. SSK ഒരു സർക്കാർ സ്ഥാപനമല്ല. അത് സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്. സർക്കാർ മേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്ന അദ്ധ്യാപകർക്ക് സർക്കാർ തൊഴിൽ നൽകുമ്പോൾ പുനലൂർ താലൂക്ക് സമാജം സ്കൂൾ മാനേജ്മെന്റ് എനിക്ക് ജോലി തന്ന് സംരക്ഷിച്ചത് തടയുന്നത് ഒരു രീതിയിലും ന്യായീകരിക്കാവു ന്നതല്ല. സ്കൂൾ മാനേജ്മെന്റിന് തടസ്സമില്ലാത്തിടത്തോളം കാലം KER 51 (A) പ്രകാരം എനിക്ക് ജോലി നൽകുന്നത് ആർക്കും ചോദ്യം ചെയ്യാൻ തന്നെ അവകാശം ഇല്ലാത്തതാണ്. എന്റെ പുനർനിയമനം ചോദ്യം ചെയ്യാൻ മറ്റൊരു അവകാശിയും ഇല്ലാത്തതും പരിഗണനാവിഷയമാണ്.

iv) എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെട്ട് പുറത്തു നിൽക്കുന്ന കാലയളവ് non-duty ആയി ക്രമീകരിക്കേണ്ടതാണെന്ന് സ.ഉ.(അച്ചടി)നം.16/2024/GEDN ഉത്തരവ് പ്രകാരം സർക്കാർ 03.06.2024 ന് ഉത്തരവായിട്ടുള്ളതാണ്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നതും ആയത് Exhibit P8 ആയി അക്കമിടേണ്ടതാണ്. ഇതിൽ നിന്നും തസ്തിക നഷ്ടപ്പെട്ട് പുറത്തു നിൽക്കുന്ന അദ്ധ്യാപകരെ പരമാവധി സംരക്ഷിക്കണമെന്നതാണ് സർക്കാർ നയമെന്നത് വ്യക്തമാണ്. ഇതിനു പുറമേ എനിക്ക് 16.10.2013 നാണ് പുനർ നിയമനം ലഭിച്ചതും ഈ കാലഘട്ടത്തിൽ ഞാൻ ഹയർ സെക്കന്ററി ടീച്ചർ (ജൂനിയർ ഹിന്ദി) റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നമ്പർ 329/2017) ഇടം നേടിയിട്ടുള്ളതാണ്. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 18.01.2021 ൽ ആണ്. ഈ റാങ്ക് ലിസ്റ്റിന് 18.01.2024 വരെ കാലാവധിയുണ്ടായിരുന്നതുമാണ്. എനിക്ക് മെയിൻ ലിസ്റ്റിൽ 81-ാാം റാങ്കായിരുന്നു. ഈ പട്ടികയിലുള്ള എല്ലാ പേർക്കും ജോലി കിട്ടിയതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. റാങ്ക് ലിസ്റ്റിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നതും ആയത് Exhibit P9 ആയി അക്കമിടേണ്ടതുമാണ്. എനിക്ക് സമാജം സ്കൂളിൽ പുനർ നിയമനം ലഭിച്ചില്ലായിരുന്നുവെങ്കിൽ പി.എസ്.സിയിലൂടെ ജോലി കിട്ടുന്നതിന് തടസ്സങ്ങൾ ഇല്ലാതിരുന്ന സാഹചര്യത്തിൽ എനിക്ക് സമാജം സ്കൂളിൽ കിട്ടിയ ജോലി KER 51 (A) ദുർവ്യാഖ്യാനം ചെയ്ത് അതിലൂടെ എന്റെ ജോലി ഇല്ലാതാക്കുന്നത് ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ തന്നെ തസ്തിക നഷ്ടപ്പെട്ട് പുറത്തു നിൽക്കുന്ന എന്നെ സംരക്ഷിക്കാനുള്ള സമാജ മാനേജ്മെന്റിന്റെ നടപടികളെ KER 51 (A) തെറ്റായി വ്യാഖ്യാനിച്ച് തടയിടുന്നത് നീതിനിഷേധമാണ്. ആയതിനാൽ സ്കൂൾ മാനേജ്മെന്റ് നൽകിയ പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവുണ്ടാക്കണമെന്ന് അപേക്ഷിക്കുന്നു.

4) <u>ബന്ധപ്പെട്ട് വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.</u>

പുനലൂർ താലൂക് സമാജം സ്കൂൾസ് മാനേജ്മെന്റിന്റെ അധികാര പരിധിയിൽ വരുന്ന സ്കൂൾ ആയ പുനലൂർ ഗേൾസ് എച്ച്.എസിലെ ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപിക ആയിരുന്ന ശ്രീമതി.അനിതാ ഉമ്മനെ 01/06/2023 മുതൽ പുനലൂർ താലൂക് സമാജം സ്കൂളിൽ എച്ച്.എസ്.റ്റി ഹിന്ദി അദ്ധ്യാപിക ആയി സ്ഥാനകയറ്റം നൽകി നിയമിച്ചത് മൂലം ഉണ്ടായ ഒഴിവിൽ 16/10/2023 മുതൽ ശ്രീമതി രമ്യ.ആർ നെ എൽ.ജി ഹിന്ദി അദ്ധ്യാപിക ആയി മാനേജർ നിയമിച്ചു. ടിയാളുടെ ജനന തീയതി സമന്വയയിൽ രേഖപ്പെടുത്തിയിരിക്കുന്നത് 17/03/1982 ആണ്. ബന്ധപ്പെട്ട രേഖ സമന്വയയിൽ ഉള്ളടക്കം ചെയ്തിരിക്കുന്നതിലും (എസ്.എസ്.എൽ.സി മാർച്ച് 1997, രജിസ്റ്റർ നം. 322278. ബുക്ക് നം.ജെ 086064) ഇതേ തീയതി തന്നെ ആണ്. ജനറൽ വിഭാഗത്തിൽപെട്ട ടിയാൾക്ക് നിയമനം നടന്ന വർഷമായ 2023 ജനുവരി 01 ന് 40 വയസ് കഴിഞ്ഞ് 9 മാസവും 15 ദിവസവും ആയതിനാൽ ടിയാൾ നിയമനം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായ പരിധിയായ 40 വയസ് കഴിഞ്ഞിരിക്കുന്നു എന്ന കാരണത്താലാണ് ടി നിയമനം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് നൽകിയത്. ശ്രീമതി.ആർ.രമ്യക്ക് കൊല്ലം വിദ്യാഭ്യാസ ജില്ലയിലെ കരുനാഗപ്പള്ളി എച്ച്.എസ്സ് ഫോർ ഗേൾസ് ലെ ശ്രീമതി.ബീന.എ 31/03/2021 ൽ വിരമിച്ചത് മൂലം ഉണ്ടായ ഒഴിവിൽ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിൽ 28/ 07/2021 മുതൽ മാനേജർ നിയമിക്കുകയും നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുള്ളതുമാണ്. എന്നാൽ, 2023-24-ലെ തസ്തിക നിർണ്ണയത്തിൽ ടിയാൾ തസ്തിക നഷ്ടപ്പെട്ട് പുറത്താവുകയുണ്ടായി. ശ്രീമതി രമ്യ.ആർ. ടി തസ്തികയിൽ ചട്ടം 51 എ അവകാശിയാണെങ്കിലും ടിയാളുടെ നിയമനം മറ്റൊരു മാനെജ്മെന്റിന്റെ കീഴിലുള്ള സ്കൂളിൽ ആയതിനാൽ പ്രസ്തുത അവകാശം പുനലൂർ താലൂക്ക് സമാജം മാനേജ്മെന്റിലെ നിയമനത്തിന് ചട്ട പ്രകാരം പരിഗണിക്കാൻ കഴിയില്ല കൂടാതെ, ടിയാളുടെ പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്ന സർക്കാർ ഉത്തരവുകൾ നിലവിലില്ലാത്തതുമാണ്. ടി സാഹചര്യത്തിലാണ് ഉത്തരവ് നമ്പർ ഇടി5/704967/2024 തീയതി 05/06/2024 പ്രകാരം ടിയാളുടെ റിവിഷൻ ഹർജി നിരസിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

5) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തകവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു ശ്രീമതി.ആർ.രമ്യയെ കരുനാഗപ്പള്ളി എച്ച്.എസ്സ് ഫോർ ഗേൾസ് ലെ ശ്രീമതി.ബീന.എ 31/03/2021 ൽ വിരമിച്ചത് മൂലം ഉണ്ടായ ഒഴിവിൽ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിൽ 28/07/2021 മുതൽ മാനേജർ നിയമിക്കുകയും നിയമനം ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രൊവിഷണലായി ശമ്പളസ്കെയിലിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടിയാളുടെ നിയമനം റഗുലറായി മാറിയിട്ടില്ല.ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുമ്പോൾ തസ്തികനഷ്ടം സംഭവിക്കുന്ന പ്രൊവിഷണലായി അംഗീകാരം ലഭിച്ചവർക്ക് 51 എ അവകാശത്തിനു തുല്യമായ അവകാശം നൽകി പിന്നീടുണ്ടാകുന്ന തസ്തികയിൽ പുനർനിയമനം നൽകാവുന്നതാണെന്ന കോടതിവിധിയുടെ അടിസ്ഥാനത്തിൽ 51 എ അവകാശം നൽകി വരുന്നു. തസ്തികനഷ്ടം സംഭവിക്കുന്ന അധ്യാപകരെ പിന്നീട് അതേ മാനേജ്മെന്റിനു കീഴിലോ പിന്നീട് സ്കൂൾ കൈമാറ്റം ചെയ്യപ്പെടുകയാണെങ്കിൽ ടി മാനേജ്മെന്റിനു കീഴിലോ ഉള്ള സ്കൂളുകളിൽ തസ്തിക ലഭ്യമാകുമ്പോൾ പുനർനിയമനം ഉറപ്പാക്കുന്നതിനായാണ് 51 എ അവകാശം ചട്ടത്തിൽ ചേർത്തിട്ടുള്ളത്. ഒരു മാനേജ്മെന്റിൽ നിന്നും തസ്തികനഷ്ടം സംഭവിച്ച അധ്യാപകനെ മറ്റൊരു

മാനേജ്മെന്റിനു കീഴിലുള്ള സ്കൂളിൽ നിയമിക്കുന്നത് ചട്ടം 51 എ പ്രകാരമുള്ള പുനർ നിയമനമായി കാണാനാവില്ല. ചട്ടം 51 എ ഒരധ്യാപകന് നൽകുന്ന അവകാശം എന്നത് അതേ മാനേജ്മെന്റിനു കീഴിലോ പിന്നീട് സ്കൂൾ കൈമാറ്റം ചെയ്യപ്പെടുകയാണെങ്കിൽ ടി മാനേജ്മെന്റിനു കീഴിലോ ഉള്ള സ്കൂളുകളിൽ തസ്തിക ലഭ്യമാകുമ്പോൾ പുനർനിയമനം ലഭിക്കുന്നതിനായി മാത്രമാണ്.മറ്റൊരു മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിലെ ഒഴിവുകളിൽ ചട്ടം 51 എ അവകാശം ഉന്നയിക്കുക സാധ്യമല്ല. എന്നാൽ ഒരു മാനേജ്മെന്റിനു കീഴിലെ 51 എ അവകാശിക്ക് മറ്റൊരു മാനേജ്മെന്റ് നിയമനം നൽകിയാൽ നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടുണ്ടെങ്കിൽ വയസ്സിളവ് നൽകുന്ന വിഷയം പരിശോധിക്കപ്പെടേണ്ടത് 51 എ അവകാശം മുൻനിർത്തിയല്ല, മറിച്ച് മറ്റൊരു സ്കൂളിൽ ജോലി ചെയ്തിരുന്നു എന്നത് മാത്രം പരിഗണിച്ചും തസ്തിക നഷ്ടം വന്ന അധ്യാപകന് ഒരു ജോലി ലഭിക്കുമെന്നതിനാലുമാണ്. പ്രായപരിധിയിൽ ഇളവ് നൽകേണ്ടതുണ്ടോയെന്ന് സർക്കാരിന് തീരുമാനിക്കാവുന്നതാണെന്ന് മാത്രം. ഈ കേസിൽ പുനലൂർ താലൂക് സമാജം സ്കൂൾസ് മാനേജ്മെന്റിന്റെ അധികാര പരിധിയിൽ വരുന്ന സ്കൂൾ ആയ പുനലൂർ ഗേൾസ് എച്ച്.എസിലെ ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപിക ആയിരുന്ന ശ്രീമതി.അനിതാ ഉമ്മനെ 01/06/2023 മുതൽ പുനലൂർ താലൂക് സമാജം സ്കൂളിൽ എച്ച്.എസ്.റ്റി ഹിന്ദി അദ്ധ്യാപിക ആയി സ്ഥാനകയറ്റം നൽകി നിയമിച്ചത് മൂലം ഉണ്ടായ ഒഴിവിൽ 16/10/2023 മുതൽ ശ്രീമതി രമ്യ.ആർ നെ എൽ.ജി ഹിന്ദി അദ്ധ്യാപിക ആയി മാനേജർ നിയമിച്ചത് ചട്ടം 51 എ അവകാശത്തിന്റെ അടിസ്ഥാനത്തിലുള്ള പുനർനിയമനമല്ല. ആയത് നേരിട്ടുള്ള നിയമനമാണ്.ആയതിനാൽ വയസ്സിളവ് നൽകിയാലും നിയമനം 8/11/2021നു ശേഷമുള്ള ഒഴിവിലേക്കായതിനാൽ മാനേജർ പൂർണ്ണമായി ഭിന്നശേഷി സംവരണം പാലിക്കുന്നതു വരെയും ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ പരിഗണിക്കാനാവൂ. പെറ്റീഷണർക്ക് അനുകൂലമായി ഹാജരാക്കിയിട്ടുള്ള കോടതിവിധികളെല്ലാം തന്നെ അതേ മാനേജ്മെന്റിലെ 51 അവകാശികളുടെ പുനർനിയമനവുമായി ബന്ധപ്പെട്ടതാണ്.

6) ശ്രീമതി.ആർ.രമ്യ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിൽ 28/07/2021 മുതൽ 2022-2023 അധ്യയന വർഷം വരെ കരുനാഗപ്പള്ളി എച്ച്.എസ്സ് ഫോർ ഗേൾസിൽ ജോലി നോക്കിയിരുന്നുവെന്ന വസ്തുത കണക്കിലെടുത്തും ടിയാൾക്കു, ജോലിക്കു അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞതിനാൽ മറ്റൊരു സർക്കാർ ജോലിയും ലഭിക്കാനുള്ള സാധ്യതയില്ല എന്ന കാര്യം പരിഗണിച്ചും ടിയാളുടെ 16.10.2023 മുതലുള്ള, മറ്റൊരു മാനേജ്മെന്റിന്റെ കീഴിലുള്ള പുനലൂർ ഗേൾസ് എച്ച്.എസ് ലെ ഹിന്ദി അദ്ധ്യാപക തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനായി ഒരു വർഷത്തിത്തിനു താഴെ മാത്രമുള്ള വയസ്സിളവ് അനുവദിച്ചുകൊണ്ടും, പ്രസ്തുത നിയമനം 08/11/2021നു ശേഷമുള്ള ഒഴിവിലേക്കായതിനാൽ ഭിന്നശേഷി ഉത്തരവുകൾക്ക് വിധേയമായി അംഗീകരിച്ച് നൽകുവാനും പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ.

മാനേജർ, പുനലൂർ താലൂക്ക് സമാജം കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂൾസ്, ടി.എസ്.എച്ച്.എസ്.എസ് ബിൽഡിംഗ്, വലക്കോട് പി.ഒ, പുനലൂർ- 691 331

ശ്രീമതി.രമ്യ ആർ, എൽ.ജി ഹിന്ദി അദ്ധ്യാപിക (മാനേജർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Pradeep Kumar.**
**C. O**
**Date: 25-06-2025 14:31:33**
സെക്ഷൻ ഓഫീസർ